ഭരണഭാഷ – മാതൃഭാഷ
**കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പ്**
**ഇൻഷുറൻസ് ഡയറക്ടറേറ്റ്**
**ടാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട്.പി.ഒ,തിരുവനന്തപുരം – 695 014**
Web:www.insurance.kerala.gov.in Ph: 0471-2330096, 2332523, Fax:0471-2331921 E-mail:director.ins@kerala.gov.in.

**നം. ഇൻഷ്വ/ഡി.വി.3/റ്റി001606592** **തീയതി: 25/11/2019**

## സർക്കുലർ

വിഷയം :- എസ്.എൽ.ഐ/ഗ്രൂപ്പ് ഇൻഷ്വറൻസ് - **സംസ്ഥാന ജീവനക്കാരുടെ ശമ്പള സ്കെയിലുമായി വ്യത്യസ്തത പുലർത്തുന്ന ജീവനക്കാർക്ക് – കുറഞ്ഞ പ്രീമിയം/വരിസംഖ്യ നിരക്കുകൾ –** സംബന്ധിച്ച്.

സൂചന: - **1. 18/11/2019 -ലെ സർക്കാർ ഉത്തരവ് (അച്ചടി) നം . 159/2019/ധന**

**2. 30/05/2019 – ലെ സർക്കാർ സർക്കുലർ നം. 57/2019/ധന**

**3. 04/10/2016 -ലെ സർക്കാർ ഉത്തരവ് (അച്ചടി) നം . 149/2016/ധന**

**4. 01/08/2016 -ലെ സർക്കാർ ഉത്തരവ് (അച്ചടി) നം . 112/2016/ധന**

മേൽ സൂചനകൾ 1, 2 പ്രകാരം 2020 മുതൽ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതിയിൽ അംഗമാകുന്ന എയിഡഡ് /സഹകരണ /പൊതുമേഖല സ്ഥാപനങ്ങളിലെ 50 വയസിൽ താഴെ പ്രായമുള്ള എല്ലാ ജീവനക്കാരും നിർബന്ധമായും സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ സംസ്ഥാന ലൈഫ് ഇൻഷ്വറൻസ് പോളിസിയും ഗ്രൂപ്പ് ഇൻഷ്വറൻസ് അക്കൗണ്ടും എടുത്ത് പ്രസ്തുത പദ്ധതികളിൽ അംഗത്വം നേടണമെന്ന വ്യവസ്ഥ കർശനമായി നടപ്പിലാക്കുവാൻ മേല്പറഞ്ഞ സ്ഥാപനമേധാവികൾക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. മേല്പറഞ്ഞ സാഹചര്യത്തിൽ ഈ മേഖലയിൽ നിന്നും സംസ്ഥാന ലൈഫ് ഇൻഷ്വറൻസ് പോളിസിയും ഗ്രൂപ്പ് ഇൻഷ്വറൻസ് അക്കൗണ്ടും എടുക്കുന്നതിന് അപേക്ഷകൾ ധാരാളമായി വകുപ്പിലെ ആഫീസുകളിൽ ലഭിച്ച് തുടങ്ങിയിട്ടുണ്ട്.

മേൽ സൂചനകൾ 3, 4 പ്രകാരം സംസ്ഥാന ലൈഫ് ഇൻഷ്വറൻസ് , ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതികളുടെ കുറഞ്ഞ പ്രതിമാസ പ്രീമിയം/വരിസംഖ്യ നിരക്കുകൾ സംസ്ഥാന സർക്കാർ ജീവനക്കാരുടെ അടിസ്ഥാനശമ്പളത്തിന്റെയും ശമ്പളസ്കെയിലിന്റെയും അടിസ്ഥാനത്തിൽ 4 സ്ലാബുകളിലായി തിരിച്ച് നിശ്ചയിച്ചിട്ടുണ്ട് . എന്നാൽ എയിഡഡ് /സഹകരണ /പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പളപരിഷ്കരണത്തിന്റെ കാലവ്യതിയാനത്താലും ശമ്പളവ്യവസ്ഥകളിലെ വ്യത്യസ്തത കൊണ്ടും പ്രസ്തുത വിഭാഗത്തിന്റെ കുറഞ്ഞ പ്രതിമാസ പ്രീമിയം/വരിസംഖ്യ മേല്പ്പറഞ്ഞ 4 സ്ലാബുകളുടെ പരിധിയിലേക്ക് പൊരുത്തപ്പെടുത്താൻ കഴിയാത്ത സാഹചര്യങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച്

കൂടുതൽ നിർദ്ദേശങ്ങൾ മേൽ സൂചനയിലെ ഉത്തരവുകളിൻമേൽ വ്യക്തത വരുത്തി സർക്കാരുത്തരവാകുന്നത് വരെ ഇടപാടുകാർക്ക് ബുദ്ധിമുട്ടുണ്ടാകാതെ ചുവടെപ്പറയുന്ന പ്രകാരം എയിഡഡ് /സഹകരണ /പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് കുറഞ്ഞ പ്രതിമാസ പ്രീമിയം/വരിസംഖ്യ സ്ലാബുകളുടെ പരിധിയിലേക്ക് പൊരുത്തപ്പെടുത്തി സംസ്ഥാന ലൈഫ് ഇൻഷ്വറൻസ് പോളിസിയും ഗ്രൂപ്പ് ഇൻഷ്വറൻസ് അക്കൗണ്ടും അനുവദിക്കേണ്ടതാണ്.

- **സഹകരണമേഖലയിലെ സ്ഥാപനങ്ങൾക്ക് ചുവടെ പറയുംവിധം അടിസ്ഥാനശമ്പളത്തിന്റെയും ശമ്പളസ്കെയിലിന്റെയും അടിസ്ഥാനത്തിൽ 4 സ്ലാബുകളിലായി കുറഞ്ഞ എസ്.എൽ.ഐ പദ്ധതി പ്രതിമാസ പ്രീമിയം / ജി.ഐ.എസ് പദ്ധതി പ്രതിമാസ വരിസംഖ്യ കണക്കാക്കുവാൻ നിർദ്ദേശിക്കുന്നു.**

**എസ്.എൽ.ഐ പദ്ധതി പ്രതിമാസ പ്രീമിയം നിരക്കുകൾ**

| ക്രമനമ്പർ | അടിസ്ഥാന ശമ്പളം | ചുരുങ്ങിയ പ്രതിമാസ പ്രീമിയം |
|---|---|---|
| 1. | 35600 രൂപയും അതിനുമുകളിലും | 600 രൂപ |
| 2. | 18300 രൂപ മുതൽ 35599 രൂപ വരെ | 500 രൂപ |
| 3. | 9190 രൂപ മുതൽ 18299 രൂപ വരെ | 300 രൂപ |
| 4. | 9189 രൂപ വരെ | 200 രൂപ |

**ജി.ഐ.എസ് പദ്ധതി പ്രതിമാസ വരിസംഖ്യ നിരക്കുകൾ**

| ക്രമനമ്പർ | ഗ്രൂപ്പ് | ശമ്പളസ്കെയിൽ | ചുരുങ്ങിയ പ്രതിമാസ പ്രീമിയം |
|---|---|---|---|
| 1. | എ | 24880-69450 യും അതിനുമുകളിലും | 600 രൂപ |
| 2. | ബി | 18300-51550 മുതൽ 24880-69450 ന താഴെ വരെ | 500 രൂപ |
| 3. | സി | 8300-20300 മുതൽ 18300-51550 ന താഴെ വരെ | 400 രൂപ |
| 4. | ഡി | 8300-20300 ന് താഴെ | 300 രൂപ |

- **മറ്റ് പൊതുമേഖല സ്ഥാപനങ്ങൾക്ക് ചുവടെ പറയുംവിധം ജീവനക്കാരുടെ തസ്തിക അനുസരിച്ച് നിശ്ചയിച്ചിട്ടുള്ള ക്ലാസുകളുടെ അടിസ്ഥാനത്തിൽ 4 സ്ലാബുകളിലായി കുറഞ്ഞ എസ്.എൽ.ഐ പ്രതിമാസ പ്രീമിയം / ജി.ഐ.എസ് പ്രതിമാസ വരിസംഖ്യ കണക്കാക്കുവാൻ നിർദ്ദേശിക്കുന്നു.**

**എസ്.എൽ.ഐ പദ്ധതി പ്രതിമാസ പ്രീമിയം നിരക്കുകൾ**

| ക്രമനമ്പർ | ക്ലാസ്സ് | ചുരുങ്ങിയ പ്രതിമാസ പ്രീമിയം |
|---|---|---|
| 1. | **ക്ലാസ്സ് I** | 600 രൂപ |
| 2. | **ക്ലാസ്സ് II** | 500 രൂപ |
| 3. | **ക്ലാസ്സ് III** | 300 രൂപ |
| 4. | **ക്ലാസ്സ് IV** | 200 രൂപ |

**ജി.ഐ.എസ് പദ്ധതി പ്രതിമാസ വരിസംഖ്യ നിരക്കുകൾ**

| ക്രമനമ്പർ | ഗ്രൂപ്പ് | ക്ലാസ്സ് | ചുരുങ്ങിയ പ്രതിമാസ പ്രീമിയം |
|---|---|---|---|
| 1. | എ | ക്ലാസ്സ് I | 600 രൂപ |
| 2. | ബി | ക്ലാസ്സ് II | 500 രൂപ |
| 3. | സി | ക്ലാസ്സ് III | 400 രൂപ |
| 4. | ഡി | ക്ലാസ്സ് IV | 300 രൂപ |

- **എയിഡഡ് /സഹകരണ /പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഗ്രൂപ്പ് ഇൻഷ്വറൻസ് ആദ്യവരിസംഖ്യ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും കിഴിവ് നടത്തി ട്രഷറിയിൽ ചലാൻ മുഖേനയൊ , ഇ-ട്രഷറിയിൽ ഓൺലൈൻ മുഖേനയൊ, ഇൻഷ്വറൻസ് വകുപ്പ് ഓഫീസുകളിൽ നേരിട്ടോ അടച്ച ശേഷം നല്കുന്ന വ്യക്തിഗതവിവരങ്ങൾ അടങ്ങിയ ഷെഡ്യൂളുകൾ സഹിതം ഫോറം സി യിലുള്ള അപേക്ഷ ചലാൻ/ ഇ-ചലാൻ/ടി.ആർ.5 രസീത് സഹിതം ബന്ധപ്പെട്ട ജില്ലാ ഇൻഷ്വറൻസ് ആഫീസിൽ സ്വീകരിക്കേണ്ടതാണ്.**
- **എയിഡഡ് /സഹകരണ /പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എസ്.എൽ.ഐ/ഗ്രൂപ്പ് ഇൻഷ്വറൻസ് എന്നിവയുടെ തുടർന്നുള്ള പ്രതിമാസപ്രീമിയം/വരിസംഖ്യ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും കിഴിവ് നടത്തി ട്രഷറിയിൽ ചലാൻ മുഖേനയൊ , ഇ-ട്രഷറിയിൽ ഓൺലൈൻ മുഖേനയൊ, ഇൻഷ്വറൻസ് വകുപ്പ് ഓഫീസുകളിൽ നേരിട്ടോ അടച്ച ശേഷം നല്കുന്ന ഷെഡ്യൂളുകൾ ചലാൻ/ഇ-ചലാൻ/ ടി.ആർ.5 രസീത് സഹിതം ബന്ധപ്പെട്ട ജില്ലാ ഇൻഷ്വറൻസ് ആഫീസിൽ സ്വീകരിക്കേണ്ടതാണ്.**
- **എയിഡഡ് /സഹകരണ /പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പള സ്ലെയിലുകൾ വകുപ്പിന്റെ സോഫ്റ്റ് വെയർ സംവിധാനത്തിൽ ഉൾപ്പെടുത്താൻ വകുപ്പിലെ ഐ. ടി ഡിവിഷന് നിർദ്ദേശം നല്കുന്നു.**

മേല്പറഞ്ഞ നിർദ്ദേശങ്ങൾ പാലിച്ച് കൊണ്ട് എയിഡഡ് /സഹകരണ /പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാരായ വകുപ്പിന്റെ ഇടപാടുകാർക്ക് ബുദ്ധിമുട്ടുണ്ടാകാത്ത വിധത്തിൽ സംസ്ഥാന ലൈഫ് ഇൻഷ്വറൻസ് പോളിസിയും ഗ്രൂപ്പ് ഇൻഷ്വറൻസ് അക്കൗണ്ടും അനുവദിക്കുവാൻ ജില്ലാ ഇൻഷ്വറൻസ് ആഫീസർക്ക് നിർദ്ദേശം നല്കുന്നു.

**(ഒപ്പ് )**

**ഇൻഷ്വറൻസ് ഡയറക്ടർ**

എല്ലാ ജില്ലാ ഇൻഷ്വറൻസ് ആഫീസർമാർക്കും

പകർപ്പ്: 1. ഡെപ്യൂട്ടി ഡയറക്ടർ 1/2/3

2. അസിസ്റ്റന്റ് ഡയറക്ടർ 1/2

3. അക്കൗണ്ട്സ് ഓഫീസർ/സീനിയർസൂപ്രണ്ട്മാർ/ഇൻസ്പെക്ടർമാർ/ഡവലപ്പ്മെന്റ് ഓഫീസർമാർ.

4. ജൂനിയർ സൂപ്രണ്ട്മാർ

5. ഐ. ടി. ഡിവിഷൻ

6. വെബ് സൈറ്റ്

7. സ്റ്റോക്ക് ഫയൽ